## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 334

29.06.2016 - ൽ മറുപടിക്ക്.

### ഒളവണ്ണ കള്ളിക്കുന്നിലെ ബെൽ മെറ്റൽ സർവ്വീസ് സെൻ്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം. | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും കായികവും വകുപ്പ് മന്ത്രി). | |
| (എ) | കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിലുള്ള ഒളവണ്ണ കള്ളിക്കുന്നിൽ ബെൽ മെറ്റൽ സർവീസ് സെൻ്ററിൻ്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ; | (എ) : | കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിലുള്ള ഒളവണ്ണ, കള്ളിക്കുന്നിലെ 48 സെൻ്റ് ഭൂമിയിൽ ഒളവണ്ണ പ്രദേശത്തെ ഓട്ടുപാത്ര തൊഴിലാളികൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് 1968-ൽ ബെൽ മെറ്റൽ സർവീസ് സെൻ്റർ എന്ന സ്ഥാപനം ആരംഭിച്ചു. പ്രസ്തുത സ്ഥാപനം വർഷങ്ങളോളം പ്രവർത്തനരഹിതമായികിടന്നു. ശ്രീ. സി മരക്കാരുട്ടിയുടെ നേതൃത്വത്തിൽ ബേസ് ലാൻ്റ് ടെക്സ്റ്റിക്സ് എന്ന പേരിൽ പാർട്ണർഷിപ്പ് സ്ഥാപനം തുടങ്ങുന്നതിനായി പ്രസ്തുത 48 സെൻ്റ് സ്ഥലം 30 വർഷത്തെ ലീസിൽ 27/01/2015-ൽ അനുവദിച്ചതായി കാണുന്നു. |
| (ബി) | പ്രദേശത്തെ ചില സ്വകാര്യ വ്യക്തികൾക്ക് പ്രസ്തുത സ്ഥാപനം പാട്ടത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; കൈമാറാൻ നിശ്ചയിച്ചതിലും കൂടിയ തുകയ്ക്ക് സ്ഥാപനം ഏറ്റെടുക്കാൻ പ്രദേശത്ത് സന്നദ്ധരായി ആളുകളുണ്ടെന്നിരിക്കെ നടപടികളിൽ അഴിമതിയുണ്ടെന്ന ആക്ഷേപം സർക്കാരിൻ്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) : | പ്രസ്തുത ലീസ് സംബന്ധിച്ച് ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് പരിശോധന നടന്നു വരുന്നുണ്ട്. |
| (സി) | തൊഴിലാളികൾക്ക് സ്ഥാപനം ഏൽപ്പിച്ചു കൊടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണിക്കുമോ ? | (സി) : | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

ജക/27/06